**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 195** **27-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡ് വാർഷിക വരവ് ചെലവ് കണക്കുകളോടൊപ്പം വരുമാനകമ്മി നികത്തുന്നതിനുള്ള ശുപാർശകൾ അടങ്ങിയ പെറ്റീഷൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന സമയ പരിധിയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തി, പൊതു തെളിവെടുപ്പ് നടത്തിയതിനുശേഷം വരുമാനകമ്മി/ മിച്ചം അംഗീകരിച്ച് താരിഫ് പരിഷ്കരണം നടത്തുകയും ചെയ്തുവരുന്നു. ഇതനുസരിച്ച് ബോർഡ് 31.01.2022-ൽ കമ്മീഷൻ മുമ്പാകെ 5 വർഷത്തെ പെറ്റീഷൻ സമർപ്പിക്കുകയും കമ്മീഷൻ പൊതു തെളിവെടുപ്പിനും സൂക്ഷ്മ പരിശോധനക്കും ശേഷം 25.06.2022-ൽ 2022-23 ലേക്കുള്ള താരിഫ് പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ലെ താരിഫ് വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് കമ്മീഷൻ നിലവിൽ പുറപ്പെടുവിച്ചിട്ടില്ല.<br><br>എന്നാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടപ്രകാരം താപവൈദ്യുത നിലയങ്ങളുടെ ഇന്ധനവിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ചു |

ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും ഉള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് എല്ലാ പാദ വർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തി വരുന്നു.

കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് (blending) തുടങ്ങിയവ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്കു കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജ് ആയി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17.11.2022- ൽ സമർപ്പിച്ചിരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 18.01.2023 ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ മേൽ പൊതു തെളിവെടുപ്പ് നടത്തുകയും, 2022 -ലെ ഒന്നാം പാദത്തിലെ ഇന്ധന സർചാർജ്ജ് ആയി 87.07 കോടി രൂപ അംഗീകരിച്ചു കൊണ്ട് 25.01.2023 ൽ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽ നിന്നും, യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ ഇന്ധന വ്യതിയാനം കാരണം ഉണ്ടായ അധിക ബാധ്യതയായ 87.07 കോടി രൂപ, 2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ നിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 1000 വാട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29/12/2022 ന് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടഭേദഗതി പ്രകാരം ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ വൈദ്യുത വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യത്യാസം കാരണമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെ തന്നെ വൈദ്യുത വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാൻ അനുമതി നൽകുന്നു. |
| (ബി) | പുറത്തുനിന്ന് വൈദ്യുതി വാങ്ങിയതിന് ബോർഡിന് അധികം ചെലവായ തുക ജനങ്ങളിൽ നിന്നും തിരിച്ചുപിടിക്കാനാണോ ചാർജ് വർദ്ധിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡ് വാർഷിക വരവ് ചെലവ് കണക്കുകളോടൊപ്പം വരുമാനകമ്മി നികത്തുന്നതിനുള്ള ശുപാർശകൾ അടങ്ങിയ പെറ്റീഷൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന സമയ പരിധിയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തി, പൊതു തെളിവെടുപ്പ് നടത്തിയതിനുശേഷം വരുമാനകമ്മി/ മിച്ചം അംഗീകരിച്ച് താരിഫ് പരിഷ്കരണം നടത്തുകയും ചെയ്തുവരുന്നു. ഇതനുസരിച്ച് ബോർഡ് 31.01.2022-ൽ കമ്മീഷൻ മുമ്പാകെ 5 വർഷത്തെ പെറ്റീഷൻ സമർപ്പിക്കുകയും കമ്മീഷൻ പൊതു തെളിവെടുപ്പിനും സൂക്ഷ്മ പരിശോധനക്കും ശേഷം 25.06.2022-ൽ 2022-23 ലേക്കുള്ള താരിഫ് പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ലെ താരിഫ് വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് കമ്മീഷൻ നിലവിൽ പുറപ്പെടുവിച്ചിട്ടില്ല.<br><br>എന്നാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടപ്രകാരം താപവൈദ്യുത നിലയങ്ങളുടെ ഇന്ധനവിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ചു ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും ഉള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് എല്ലാ പാദ വർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തി വരുന്നു.

കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് (blending) തുടങ്ങിയവ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്കു കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജ് ആയി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17.11.2022- ൽ സമർപ്പിച്ചിരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 18.01.2023 ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ മേൽ പൊതു തെളിവെടുപ്പ് നടത്തുകയും, 2022 -ലെ ഒന്നാം പാദത്തിലെ ഇന്ധന സർചാർജ്ജ് ആയി 87.07 കോടി രൂപ അംഗീകരിച്ചു കൊണ്ട് 25.01.2023 ൽ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽ നിന്നും, യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ ഇന്ധന വ്യതിയാനം കാരണം ഉണ്ടായ അധിക ബാധ്യതയായ 87.07 കോടി രൂപ, 2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ നിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 1000 വാട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| | | | ഉപഭോക്താവിന് കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29/12/2022 ന് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടഭേദഗതി പ്രകാരം ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ വൈദ്യുത വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യത്യാസം കാരണമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെ തന്നെ വൈദ്യുത വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാൻ അനുമതി നൽകുന്നു. |
| (സി) | പ്രസ്തുത ചാർജ് വർദ്ധനവ് ഉണ്ടാകാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി ബോർഡ് വാർഷിക വരവ് ചെലവ് കണക്കുകളോടൊപ്പം വരുമാനകമ്മി നികത്തുന്നതിനുള്ള ശുപാർശകൾ അടങ്ങിയ പെറ്റീഷൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന സമയ പരിധിയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തി, പൊതു തെളിവെടുപ്പ് നടത്തിയതിനുശേഷം വരുമാനകമ്മി/ മിച്ചം അംഗീകരിച്ച് താരിഫ് പരിഷ്കരണം നടത്തുകയും ചെയ്തുവരുന്നു. ഇതനുസരിച്ച് ബോർഡ് 31.01.2022-ൽ കമ്മീഷൻ മുമ്പാകെ 5 വർഷത്തെ പെറ്റീഷൻ സമർപ്പിക്കുകയും കമ്മീഷൻ പൊതു തെളിവെടുപ്പിനും സൂക്ഷ്മ പരിശോധനക്കും ശേഷം 25.06.2022-ൽ 2022-23 ലേക്കുള്ള താരിഫ് പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ലെ താരിഫ് വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് കമ്മീഷൻ നിലവിൽ പുറപ്പെടുവിച്ചിട്ടില്ല.<br><br>എന്നാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ, 2021-ലെ 87-ാം ചട്ടപ്രകാരം താപവൈദ്യുത നിലയങ്ങളുടെ ഇന്ധനവിലയിലെ വ്യതിയാനം മൂലം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ്ജിനത്തിൽ വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനും ഇന്ധന വിലയിലെ കുറവ് കാരണം വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായാൽ താരിഫിലെ ഇളവായി അനുവദിച്ചു ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനും ഉള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് എല്ലാ പാദ വർഷങ്ങളുടെയും ഇന്ധന സർചാർജ്ജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിതകാലയളവിലേക്ക് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തി വരുന്നു.

കൽക്കരിയുടെ അടിസ്ഥാന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, കൽക്കരിയുടെ ഗ്രേഡിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ചാർജിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കൽക്കരി ലഭ്യതക്കുറവ് കാരണം ഇറക്കുമതി ചെയ്ത വിലകൂടിയ കൽക്കരി ഉപയോഗിക്കുന്നത് (blending) തുടങ്ങിയവ ഇന്ധന വിലയിൽ വ്യതിയാനങ്ങൾക്കു കാരണമാകുന്നുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ, 2022-23 ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജ് ആയി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17.11.2022- ൽ സമർപ്പിച്ചിരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 18.01.2023 ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ മേൽ പൊതു തെളിവെടുപ്പ് നടത്തുകയും, 2022 -ലെ ഒന്നാം പാദത്തിലെ ഇന്ധന സർചാർജ്ജ് ആയി 87.07 കോടി രൂപ അംഗീകരിച്ചു കൊണ്ട് 25.01.2023 ൽ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽ നിന്നും, യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ ഇന്ധന വ്യതിയാനം കാരണം ഉണ്ടായ അധിക ബാധ്യതയായ 87.07 കോടി രൂപ, 2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ നിന്നും ഇന്ധന സർചാർജ്ജിനത്തിൽ ഈടാക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ 1000 വാട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റിൽ കവിയാതെ ഉപഭോഗം ഉള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| | | | ഉപഭോക്താവിന് കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കൊണ്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയം വൈദ്യുതി ഭേദഗതി റൂൾസ് 2022, 29/12/2022 ന് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടഭേദഗതി പ്രകാരം ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനം കാരണമോ വൈദ്യുത വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യത്യാസം കാരണമോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി കൂടാതെ തന്നെ വൈദ്യുത വിതരണ കമ്പനികൾക്ക് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാൻ അനുമതി നൽകുന്നു. |
| (ഡി) | കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ട വർദ്ധനവിന്റെയും പ്രസ്തുത കമ്മീഷൻ അംഗീകാരം നൽകിയ വർദ്ധനവിന്റെയും വിശദാംശം നൽകാമോ? | (ഡി) | ഇന്ധന വിലയിൽ ഉണ്ടായ വ്യതിയാനം കാരണം 2021-22ലെ വൈദ്യുതി വാങ്ങൽ ചിലവിൽ ഉണ്ടായ അധിക ബാധ്യതയായ 18.10 കോടി രൂപ ഉപഭോക്താക്കളിൽ നിന്നും മൂന്ന് പൈസ നിരക്കിൽ അനുവദിച്ച് തരുന്നതിനുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ചിരുന്നു. അതുപോലെ തന്നെ 2021-22ന് നാലാം പാദത്തിലെ അധിക ബാധ്യതയായ 16.05 കോടി രൂപ 3 പൈസ നിരക്കിൽ സർചാർജജ് ആയി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാനുള്ള അപേക്ഷയും കമ്മീഷൻ മുമ്പാകെ 22.9.2022-ൽ സമർപ്പിച്ചിരുന്നു. 2022-23 ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജജ് ആയി ഉപഭോക്താക്കളിൽ നിന്നീടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ 17.11.2022 - ൽ സമർപ്പിച്ചിരുന്നു. 18.01.2023-ന് പ്രസ്തുത പെറ്റീഷനുകളിന്മേൽ കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തി, 25.1.2023-ലെ ഉത്തരവ് പ്രകാരം ഒന്നാം പാദത്തിലെ ഇന്ധന സർചാർജ്ജ് ഉപഭോക്താക്കളിൽ നിന്നീടാക്കുവാൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ